# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3113 07.02.2018 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി. ഉണ്ണി : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനും ഡിജിറ്റലൈസേഷനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 8 വില്ലേജുകൾ (കടമ്പഴിപ്പുറം-1, ലക്കിടി-പേരൂർ-1, ചളവറ, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, വാണിയംകുളം-1, തൃക്കടിരി-2, ഒറ്റപ്പാലം-2) അറ്റകുറ്റപണി നടത്തുന്നതിനായി ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്.<br>ഒറ്റപ്പാലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 9 വില്ലേജുകളിൽ (കടമ്പഴിപ്പുറം-1, കടമ്പഴിപ്പുറം-2, ലക്കിടി-പേരൂർ-1, ചെർപ്പുളശ്ശേരി, പൂക്കോട്ടുകാവ്, വാണിയംകുളം-1, വാണിയംകുളം-2, തൃക്കടിരി-1, തൃക്കടിരി-2) കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്.<br>ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജുകളിലെയും ബി.ടി.ആർ രേഖകൾ ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുകയും, റീസർവ്വെ കഴിഞ്ഞ എല്ലാ വില്ലേജുകളിലും ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റീസർവ്വെ കഴിയാത്ത വില്ലേജുകളിൽ നിലവിലുള്ള കൈവശക്കാരുടെ പേരിൽ data update ചെയ്യുന്ന പ്രവർത്തി തുടർന്നുവരികയാണ്. |
| (ബി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ പുനർ നിർമ്മിക്കുന്നതിനാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ? | (ബി) | പുനർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ